ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം

9(*97) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതി ഉയർന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക പരീക്ഷയ്ക്കായുള്ള ഒരുക്കങ്ങൾ നടക്കുന്ന വേളയിലുള്ള ഈ സ്ഥലംമാറ്റ പ്രക്രിയ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനത്തേയും പരീക്ഷയേയും ബാധിക്കുമെന്ന കാര്യം അറിവുള്ളതാണോ; ഇത് പരിഗണിക്കുകയുണ്ടായോ;

(സി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുമായി ബന്ധപ്പെട്ട് നേരത്തെ പരാതികളും നിയമനടപടികളും ഉണ്ടായിരുന്നുവോ; ഇത് പരിഗണിക്കുയുണ്ടായോ;

(ഡി) ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി ഡയറക്ടറെ മാറ്റാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 2015-16 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് 21-9-2015-ൽ ഹയർ സെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ചിരുന്നെങ്കിലും ടി സ്ഥലംമാറ്റ ഉത്തരവിൽ അപാകതകളും അനോമലിയും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. ഇതിനിടയിൽ 21-09-2015-ൽ ഹയർസെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഒരു കൂട്ടം അദ്ധ്യാപകർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായി 2015-16-ലെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) പരിഗണിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റവും ഡയറക്ടറുടെ മാറ്റവും തമ്മിൽ ബന്ധമില്ല. ഭരണപരമായ സൗകര്യത്തിനായി മന്ത്രിസഭാ യോഗ തീരുമാനം അനുസരിച്ചാണ് ഹയർ സെക്കണ്ടറി ഡയറക്ടറെ സ്ഥലം മാറ്റിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly